# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2351

## 08-03-2017 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ്<br>അടൂർ പ്രകാശ്<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>കെ.എസ്.ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾക്കായി അടുത്ത നാല്പ വർഷം ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയെത്രയാണെന്ന് വ്യക്തമാക്കുമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇവ കൂടാതെ ബഹു. മന്ത്രിസഭാ യോഗം കിഫ്ബി വഴി നടപ്പാക്കുന്നതിന് അനുമതി നൽകിയ പദ്ധതികളും നടപ്പിലാക്കുന്നതാണ്. 08.08.2016 ലെ സ.ഉ. (കൈ) 315/2016/ധന ഉത്തരവിൽ ഈ വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിക്ക് സമർപ്പിച്ച 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ 07/11/2016 ൽ കൂടിയ കിഫ് ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഏകദേശം 25,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. തുടർന്നു വരുന്ന സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അതാതു വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെയേ വ്യക്തമാവൂ. |

| | |
|---|---|
| (ബി) ധനസമാഹരണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് കിഫ്ബി ഒരുക്കിയിട്ടുള്ളത്; | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം സെബിയും, ആർ.ബി.ഐ യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബി സജ്ജമായിട്ടുണ്ട്. ധനസമാഹരണ പ്രക്രിയയുടെ ആദ്യ പടിയെന്ന നിലയിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച 2000 കോടിയിൽ അവശേഷിച്ച 873.85 കോടി കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ പറഞ്ഞ ഭേദഗതി ആക്ട് പ്രകാരം 2015-16 വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയിൽ 28.14 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ് തുകയായ 448.1 കോടി രൂപയും കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന നികുതിയിൽ ശേഷിച്ച തുകയായ 253.29 കോടി രൂപയും കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിൽ നിന്നും കണക്ടിവിറ്റി ആന്റ് അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 4000 കോടി രൂപ ധനസഹായം കിഫ്ബിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, വാണിജ്യ/സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) ഇതിനായി പ്രത്യേക ഏജൻസികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | കിഫ്ബിയുടെ ധനസമാഹരണത്തിനായി നാളിതുവരെ പ്രത്യേക ഏജൻസികളൊന്നും തന്നെ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ